റാവു ബഹദൂർ ടി. കെ. നായർ : എത്രകാലം എന്നു പറയാൻ സാദ്ധ്യമല്ല. ചില സ്ഥലങ്ങളിൽ പെട്ടെന്നു ഫലം കാണുന്നുണ്ട്. ചില കൊതുകുകളിൽനിന്നാണു ഇതുണ്ടാകുന്നതെന്നാണു പറയുന്നതു്. എല്ലാത്തരം കൊതുകുകളിൽനിന്നും ഉണ്ടാകുന്നില്ല. ആ കൊതുകുകളെ ഇല്ലാതെയാക്കാനുള്ള പ്രവർത്തനമാണു നടത്തുന്നതു്. ഈ ആൻറി മലേറിയാ സ്കീം എൻറെ അനുയായികളും ശരിയായി നടത്തുകയാണെങ്കിൽ വേണമെങ്കിൽ പറയാൻ സാധിക്കും ഒരു പത്തുകൊല്ലംകൊണ്ടോ മറെറാ ഇതിനു പരിഹാരം കാണാമെന്നു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : പത്തുകൊല്ലം എന്നു വെയ്ക്കുണ്ട. ഒരു നൂറുകൊല്ലംകൊണ്ടെങ്കിലും കൊച്ചിരാജ്യക്കാർക്കു മലേറിയയിൽനിന്നു രക്ഷയുണ്ടാകത്തക്ക നിലയിൽ ഒരു യുദ്ധസന്നാഹം ചെയ്യാമോ ?

Mr. President : The Hon'ble Member will please ask for information.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Do the Government say Sir that their fight against malaria is anything approximating a fight ?

Rao Bahadur T. K. Nayar *(Minister for Public Health):* Not exactly at present as I just explained, but we hope to wage a regular war in the very near future.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫു് : കൊതുകുകളിൽ മലേറിയാ കൊതുകുകളെ കണ്ടുപിടിച്ചു നശിപ്പിക്കണമെന്നു പറഞ്ഞല്ലൊ. എല്ലാത്തരം കൊതുകുകളേയും നശിപ്പിക്കരുതെ ?

റാവു ബഹദൂർ ടി. കെ. നായർ : കൊതുകുകളെയൊക്കെ നശിപ്പിക്കുകയാണെങ്കിൽ അതു നല്ലതുതന്നെ.

മിസ്സിസ്സു് കെ. എം. ആർ. മേനോൻ : ആൻറിമലേറിയാ സ്പെഷൽ ട്രെയിനിംഗിനു ആളുകളെ അയച്ചിട്ടുണ്ടൊ ?

റാവു ബഹദൂർ ടി. കെ. നായർ : റാസു് ഇൻസ്റ്റിറ്റ്യൂട്ടിലേക്കു ആളുകളെ അയക്കുന്നുണ്ടു്. പിന്നൊ വയനാടു് മലേറിയയുള്ള സ്ഥലമാണു്. അവിടേയും ആളുകളെ അയക്കുന്നുണ്ടു്. പിന്നെ വാൽപ്പാറയിലുണ്ടു്. ഈ സ്ഥലങ്ങളിലൊക്കെ ആളുകളെ അയക്കുന്നുണ്ടു്. ഇങ്ങിനെ ട്രെയിനിംഗ് കഴിച്ചുവന്ന ആളുകളാണു് ഇന്നിവിടെ വേലചെയ്യുന്നതു്.

മിസ്സിസ്സു് കെ. എം. ആർ. മേനോൻ : സ്പെഷൽ കാമ്പളിഫിക്കേഷൻ ഉള്ള ആളുകൾ ആകെ എത്രയുണ്ടു്?

റാവു ബഹദൂർ ടി. കെ. നായർ : മൂന്നൊ നാലൊ ആളുകളുണ്ടാകും.

THE CENTRAL FARM—PADDY CULTIVATION

338. മിസ്റ്റർ എം. കെ. വള്ളീസ്സു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമൊ ?

(എ) ഫാമിൽ ഗവൺമെണ്ടു് സെൻട്രൽ ഫാമത്തിൽ എത്ര ഏക്കർ നിലത്തിൽ വിരിപ്പുകൃഷി ചെയ്തു;

(ബി) മേൽപറഞ്ഞ കൃഷിക്കു് എത്ര ഉറുപ്പിക ചിലവായി;

(സി) മേൽപറഞ്ഞ കൃഷിയിൽനിന്നു് എത്ര പറനെല്ലും എത്ര റാത്തൽ വയ്ക്കോലും കിട്ടി?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ഫാമിൽ വിരിപ്പുകൃഷി ഇറക്കിയിട്ടില്ല. (മേടമാസത്തിലാണു് വിരിപ്പു് കൃഷി ആരംഭിക്കുന്നതു്).

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

MINISTER'S HOUSE, ERNAKULAM—COST OF ACQUISITION, ETC.

339. Mr. K. I. Velayudhan *(Ezhuvas-Talappalli):* Will Government be pleased to state.—

(a) what is the cost of acquisition of Minister's House, Ernakulam;

(b) what is the cost of repairs and improvements caused to the building after it was acquired;

(c) what was the rent Mr. Parambi Lonappen was paying for the building during the period he was the Minister;

LIBRARY ARCHIVES Kerala Legislative Assembly

(*d*) what was the monthly average cost of electricity and water consumed when the Ex-Minister was staying in the building;

(*e*) who was bearing the cost referred to in (*d*)?

Rao Sahib K. Ayyappan *(Minister for Public Works)*:

(*a*) Rs. 58,952—10—0.

(*b*) Rs. 14,978—14—0+450.

(*c*) The Minister was entitled to get a house rent allowance of Rs. 75 per month and he was allowed to occupy Ravi Varma Mandiram in lieu of this allowance.

(*d*) Monthly average cost of electricity Rs. 35; Monthly average cost of water Rs. 2

(*e*) Government.

HOUSES RENTED AND REQUISITIONED FOR MILITARY USE

340. Mr. Parambi Lonappen *(Irinjalakkuda)*: Will Government be pleased to state.—

(*a*) how many houses were rented; and

(*b*) how many houses were requisitioned for the use of the Military since hostilities started till the 1st of October 1946;

(*c*) whether any such house or other building still remains in the custody of the Military and if so, which of them still remain so?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*:

(*a*) Government have no information.

(*b*) Four.

(*c*) Nil. So far as the requisitioned buildings are concerned.

SEIZURE OF RICE FROM A SPECIAL BOAT AT THEVARA

341. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയാമൊ.—

(എ) കഴിഞ്ഞ ചിങ്ങമാസം ആദ്യം ഒരു സ്പെഷ്യൽ ബോട്ട് തേവരവന്ന് അഞ്ചാരാത്രി അടുത്തതായും അതിൽ ഉണ്ടായിരുന്ന യാത്രക്കാരുടെ യാതൊരനുവാദ പത്രവും കൂടാതെ കുറെ അരി കണ്ടെത്തി ഉടനെ പോല്ലീസ് തടഞ്ഞു നിത്തിയതുമായി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ അതുതടഞ്ഞു നിത്തിയ പോല്ലീസുകാർ ആരെല്ലാമാണ്;

(സി) ആ സ്പെഷ്യൽ ബോട്ട് എവിടെ നിന്ന് വന്നു;

(ഡി) അതിലെ യാത്രക്കാർ ആരെല്ലാമായിരുന്നു;

(ഇ) അതിനെപ്പറ്റി എന്തു നടപടി എടുത്തു എന്നു സദയം മറുപടി പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) കാൺസ്റ്റബിൾ നമ്പ്ർ ൭ ൪ ൫.

(സി) ഞാറയ്ക്കൽ.

(ഡി) കനിച്ചായി തോമ ത്രേസ്യക്കുട്ടി, ടിയാന്റെ മക്കൾ അന്ന, കുരിയാക്കൊതോമസ്സ്, ലൈസിയ, ഇന്നമ്മ, മിസ്റ്റർ എം. ഐ. പോൾ, വേലക്കാരൻ അന്തോണി, പുറമെ വേറെരണ്ട് വേലക്കാരും ഉണ്ടായിരുന്നു.

(ഇ) വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

SERVICE BUSES—REQUEST TO RUN MORE TRIPS

342. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

whether there were any applications from the service bus owners for sanction to run more trips?

Rao Bahadur T. K. Nayar *(Minister for Public Health)*:

Yes. There were 3 applications. Two were allowed and one refused.

Mr. Paramel Ipe Ipe *(Kunnamkulam)*: May I know why one was refused?

LIBRARY ARCHIVES Kerala Legislative Assembly